X. വ്യക്തിപരമായ വിശദീകരണം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ഞാൻ രണ്ടു മിനിറ്റേ എടുക്കുന്നുള്ളൂ. 15-7-2004-ൽ ധനാഭ്യർത്ഥനയുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എന്റെ പാർട്ടിയുടെ സംവരണ നയമാണ് ഞാൻ വ്യക്തമാക്കിയത്. ബഹുമാനപ്പെട്ട കളത്തിൽ അബ്ദുള്ള അതിനെ വികൃതമാക്കിയാണ് ഇവിടെ പരാമർശിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ സംവരണം 100 ശതമാനവും നിലനിറുത്തണം. അതിൽ ഒരു ചെറിയ ശതമാനം മാത്രമേ ഇന്ന് പൊതു ധാരയിൽ വന്നിട്ടുള്ളൂ. മഹാഭൂരിപക്ഷവും പഴയ സ്ഥിതിയിൽ തന്നെയാണ്. തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും ഇപ്പോഴും ഈ സമുദായം അനുഭവിക്കുന്നു. സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ അനുഭവിക്കുന്നു. അതുകൊണ്ട് ആ സമുദായത്തിന് നീക്കിവച്ച സംവരണം 100 ശതമാനം പാലിക്കണം. അതേ അവസരത്തിൽ.....(ബഹളം)..... പിന്നോക്ക വിഭാഗത്തിൽ വരേണ്യ വിഭാഗം രൂപപ്പെട്ടിട്ടുണ്ട്. ശ്രീ. കഹാറിനേയും ശ്രീ. ചന്ദ്രനേയും പോലെയുള്ളവർക്ക് സംവരണത്തിന്റെ ആനുകൂല്യങ്ങൾ ആവശ്യമില്ല. പിന്നോക്ക സമുദായത്തിലെ പാവപ്പെട്ടവന് സംവരണം വേണമെന്നുള്ള എന്റെ പാർട്ടിയുടെ നയമാണ് ഞാനിവിടെ സൂചിപ്പിച്ചത്. അത് പറയുമ്പോഴാണ് അങ്ങ് ചോദിച്ചത് ശ്രീ. ബാലന്റെ മക്കൾക്ക് ഈ ആനുകൂല്യങ്ങൾ ആവശ്യമുണ്ടോയെന്ന്. ചെക്കൻ വിളിയും പെണ്ണ് വിളിയും കേട്ടിട്ടാണ് എന്റെ അച്ഛനും അമ്മയും മുസ്ലീം പ്രമാണിമാർക്ക് എതിരായിട്ടുള്ള സമരത്തിന് കർഷക തൊഴിലാളി പ്രസ്ഥാനത്തോടൊപ്പം നിന്നത്. നിങ്ങൾക്ക് കുറച്ച് അസൂയയുണ്ടാകും, എന്നെപ്പോലെയുള്ളവർ വളർന്നു വരുമ്പോൾ, അത് ഈ പ്രസ്ഥാനത്തിന്റെ തണലിലാണ് വളർന്നുവന്നത്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. സംവരണവുമായി ബന്ധപ്പെട്ട് ഒറ്റ കാര്യമേ ഞാൻ പറയുന്നുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുക, എന്നിട്ട് പറയുക അവിടെ സംവരണം വേണമെന്ന്. ഗവണ്മെന്റ് സർവ്വീസിൽ ഡൗൺസൈസിംഗ് നടത്തുക, എന്നിട്ട് പറയുക അവിടെ സംവരണം വേണമെന്ന്. സംവരണത്തിന്റെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുന്ന മുസ്ലീം ലീഗിലെ പാവപ്പെട്ട മുസ്ലീങ്ങൾ ആ പാർട്ടിയിൽനിന്ന് അകന്നുപോകുന്ന വെപ്രാളത്തിലാണ് ഈ ജല്പനങ്ങൾ ഇവിടെ ഉയർത്തിക്കൊണ്ടുവരുന്നത് എന്നാണ് എന്റെ അഭിപ്രായം.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: .....(ബഹളം)..... : മിനിസ്റ്റർ.....(ബഹളം)..... I can't allow.....Please resume your seat.....

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: Allow ചെയ്യുന്നില്ല. പ്ലീസ്.....No point.....No order.....please resume your seat.....(ബഹളം).....ആരോഗ്യ വകുപ്പുമന്ത്രിയെ സംസാരിക്കാൻ വിളിച്ചു. അങ്ങ് ഇരിക്കണം.